നം.കെ.എസ്.എ.പി.റ്റി.എ.പി7-237/18 തീയതി: 03.05.2019

പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 29.08.2017 മുതൽ 13.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തര1വാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.03.19 മുതൽ 26.03.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി സ്നിഗ്ദ്ധ എസ്. , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ. അനിൽ കുമാർ പി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി ആശാ എം. കുരുവിള, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.റ്റി.എബ്രഹാം | 01.04.2017മുതൽ 28.12.2017വരെ |
| | ശ്രീമതി ശ്രീദേവി എം.എസ്, വൈസ് പ്രസിഡന്റ് (ചാർജ്ജ്) | 29.12.2017മുതൽ 24.01.2018വരെ |
| | ശ്രീ.ലിയാക്കത്ത് അലിക്കുഞ്ഞ് | 25.01.2018മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ.വി.മുകുന്ദൻ | 01.04.2017മുതൽ 16.06.2017 FNവരെ |
| | ശ്രീ.സി.പി.സനൽകുമാർ | 16.06.2017 ANമുതൽ 05.12.2017 FNവരെ |

| | | |
|---|---|---|
| | ശ്രീമതി ബിന്ദു എ. ജോയി | 05.12.2017ANമുതൽ 31.03.2018വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2017-18
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

സൂചിക


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം-1: പൊതു അവലോകനം | |
| 1. | ബഡ്ജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം | 1-3 |
| 4. | ഫണ്ട് വിനിയോഗം | 1-4 |
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7. | ക്ഷേമപദ്ധതികൾ | 1-7 |
| 8. | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9. | ദുരിതാശ്വാസ നിധി | 1-9 |
| 10. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11. | ആഭ്യന്തര നിയന്ത്രണം | 1-11 |
| | ഭാഗം-2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12. | പഞ്ചായത്തിന്റെ സാമ്പത്തികനില തൃപ്തികരമല്ല | 2-1 |
| 13. | രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 2-2 |

| | | |
|---|---|---|
| 14. | മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയത്തിൽ പിഴവ് | 2-3 |
| 15. | മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ല | 2-4 |
| 16. | അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകി | 2-5 |
| 17. | കണിയാപുരം ഓഡിറ്റോറിയം - വസ്തു നികുതി വർഷങ്ങളായി അടവാക്കുന്നില്ല | 2-6 |
| 18. | വാടകക്കാരുമായി കൃത്യമായ കരാർ ചമയ്ക്കുന്നില്ല – ജി. എസ്.ടി. ഈടാക്കുന്നില്ല | 2-7 |
| 19. | തൊഴിൽനികുതിപിരിവിലെ അപാകതകൾ | 2-8 |
| 20. | ഡി. ആന്റ്. ഓ. ലൈസൻസ് പിരിവിലെ അപാകതകൾ | 2-9 |
| 21. | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല | 2-10 |
| 22. | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 2-11 |
| | ഭാഗം-3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23. | ആസ്തികൾ സംരക്ഷിക്കുന്നില്ല:അന്യാധീനപ്പെടാൻ സാദ്ധ്യത | 3-1 |
| 24. | വെള്ളക്കരം കുടിശ്ശിക പെരുകുന്നു - പഞ്ചായത്തിന് 1.05 കോടി രൂപയുടെ ബാദ്ധ്യത | 3-2 |
| 25. | ഇല്ലാത്ത ബൾബുകളുടെ വൈദ്യുതി ചാർജ്ജ് - പ്രതിവർഷം ഒടുക്കുന്നത് 2.75ലക്ഷം രൂപ - പഞ്ചായത്തിന് അധിക ബാദ്ധ്യത | 3-3 |
| 26. | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 3-4 |
| 27. | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരുടെ വിവരങ്ങൾ പൂർണ്ണമല്ല | 3-5 |
| 28. | ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ ക്രിയാത്മകമല്ല | 3-6 |
| 29. | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി | 3-7 |
| 30. | പാലിയേറ്റീവ് - മരുന്നു വാങ്ങൽ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിച്ചില്ല | 3-8 |
| 31. | പാലിയേറ്റീവ് പരിചരണം പദ്ധതി-വാഹന വാടക അധികം തുക നൽകി | 3-9 |
| 32. | സബ്സിഡിത്തുക ക്ഷീരസംഘങ്ങൾക്ക് നൽകി | 3-10 |
| 33. | ഹരിത കർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചില്ല | 3-11 |
| 34. | ആശ്രയ രണ്ടാം ഘട്ട പദ്ധതി (ജനറൽ) അവലോകനം | 3-12 |
| 35. | വാർഡ് വിഭജനമെന്ന സങ്കുചിത കാഴ്ച്ചപ്പാട് - | 3-13 |

| | | |
|---|---|---|
| | സമഗ്രമായ പദ്ധതികൾക്ക് വിലങ്ങു തടിയായി | |
| 36. | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല – പഞ്ചായത്തിന് അധിക ബാദ്ധ്യത18.55 ലക്ഷം രൂപ | 3-14 |
| 37. | കാർഷിക മേഖലയിലെ പദ്ധതികൾ- പദ്ധതിമാർഗ്ഗരേഖാനിർദ്ദേശം പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. | 3-15 |
| 38. | റോഡ് കണക്ടിവിറ്റ് പ്ലാൻ തയ്യാറാക്കാതെ റോഡ് വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നു. | 3-16 |
| 39. | നിർവ്വഹണ ഉദ്യോഗസ്ഥർ നിശ്ചിത മാതൃകയിൽ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല | 3-17 |
| | ഭാഗം 4: ഓഡിറ്റ് പ്രത്യവലോകനം | |
| 40. | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 41. | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 42. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 43. | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 44. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 45. | ഓഡിറ്റ് റിക്കവറി | 4-6 |
| 46. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 47. | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 48. | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 49. | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 28/03/2017-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 11975318 | 4410884.00 | | 7564434 |
| വരവ് | 73967000 | 63433771.00 | | 10533229 |
| ആകെ | 85942318 | 67844655 | | 18097663 |

| | | | | |
|---|---|---|---|---|
| ചെലവ് | 85385020 | 64385024 | | 20999996 |
| നീക്കിയിരിപ്പ് | 557298 | 3459631 | 2902333 | |

ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി 21/03/2018-ൽ ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 18.05.2018 |

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളിൽ പരിഹരിക്കാതെ അവശേഷിക്കുന്നവ

I. ഷെഡ്യൂൾ ബി-3

Capital Contribution കഴിഞ്ഞ വർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്.

II. ഷെഡ്യൂൾ ബി-4

320200322 – ശുചിത്വ മിഷൻ ഗ്രാന്റ് 331924 രൂപയാണ്. വാർഷിക കണക്കു പ്രകാരം ഈയിനത്തിൽ 372583 രൂപയാണുള്ളത്.

III.ഷെഡ്യൂൾ ബി-7

ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പ് സംക്ഷിപ്തം എഴുതിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കു പ്രകാരം നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള 38154/- രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

IV. ഷെഡ്യൂൾ ബി-9

- 350200102 (KPEPF) തുക ബിൽ രജിസ്റ്റർ പ്രകാരം 63670/-രൂപയാണ്, വാർഷിക കണക്കിലിത് 82309/- രൂപയായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
- 350200103 (SLI) 3050/- നു പകരം 3150 ആയി രേഖപ്പെടുത്തിയിരിക്കുന്നു.
- 350200108(HBA) 700/- നു പകരം 1400/- ആയി രേഖപ്പെടുത്തിയിരിക്കുന്നു.
- 350200199 (Contributory Pension Fund) 147672നു പകരം 129419 ആയി രേഖപ്പെടുത്തിയിരിക്കുന്നു.
- 350410301 (D&O Advance Collection)200/- നുപകരം 8400/- ആയി രേഖപ്പെടുത്തിയിരിക്കുന്നു.

V. ഷെഡ്യൂൾ ഐ-6

NREGA 10449691/- രൂപ വരവായി കാണിച്ചിരിക്കുന്നതിൽ നിന്നും 838150/- രൂപ കുറയ്ക്കണം.

General purpose grant തുക 6698845/- നു പകരം 5359000/- രൂപയായും incentive ഇനത്തിൽ 36733/- രൂപ ലഭിച്ചിട്ടുണ്ടെങ്കിൽ അതും വരവായി എടുക്കേണ്ടതാണ്.

Sanchaya -Sankya പൂർത്തിയായിട്ടില്ലാത്തതിനാൽ വസ്തു നികുതി ഇനത്തിൽ വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള തുകയും Sanchaya S/W പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

VI. ഷെഡ്യൂൾ ബി-11

Fixed Asset ൽ line extension, Pipe line, Furiniture എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയിലും വ്യത്യാസമുണ്ട്.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 4410884 |
| വരവ് | 63433771 |
| ആകെ | 67844655 |
| ചെലവ് | 64385024 |
| നീക്കിയിരിപ്പ് | 3459631 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാലൻസ് | വരവ് | ആകെ | 2017-18 വർഷത്തെ ചെലവ് | അവശേഷിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 8271000 | 8271000 | 6259558 | 2011442 | 75.68 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 4281369 | 4281369 | 2935901 | 1345468 | 68.57 |
| വികസന ഫണ്ട് - റ്റി.എസ്.പി | 0 | 113954 | 113954 | 113954 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3884903 | 3884903 | 3767246 | 117657 | 96.97 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 1230099 | 1230099 | 1219071 | 0 | 99.1 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 0 | 2891297 | 2891297 | 2827718 | 63579 | 97.8 |
| ലോകബാങ്ക് സഹായം | 0 | 20860233 | 20860233 | 19794656 | 1065577 | 94.89 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2017-18 | 180 | 65971107 | 144 | 0 | 50513888 | 36 | 80 |

## 1-6 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 25 | 6397760 | 19 | 3965936 | 61.99 |
| സേവനം | 50 | 33431318 | 39 | 27548839 | 82.4 |
| പശ്ചാത്തലം | 105 | 26142029 | 86 | 18999113 | 72.68 |
| ആകെ | 180 | 65971107 | 144 | 50513888 | 76.57 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 22 | 19 | 3972175 | 3262568 | 82 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 109 | 86 | 47574020 | 37403710 | 79 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 12 | 5822152 | 3545154 | 61 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 2 | 2 | 850000 | 850000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 1735000 | 1589956 | 92 |
| കൃഷി ഓഫീസർ | 11 | 8 | 1120760 | 838300 | 75 |
| വെറ്ററിനറി സർജൻ | 8 | 8 | 2647000 | 1299200 | 49 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2150000 | 1625000 | 76 |
| ആകെ | 180 | 144 | 65971107 | 50513888 | 80 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | വകയിരുത്തൽ | ചെലവ് |
|---|---|---|
| വനിതാ ഘടക പദ്ധതി | 1243000 | 924200 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 832000 | 633500 |
| പാലിയേറ്റിവ് കെയർ | 450000 | 450000 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 1360000 | 400129 |

| | | |
|---|---|---|
| യുവജന വികസന പദ്ധതി | 200000 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 231 | 2681200 |
| വിധവാ പെൻഷൻ | 367 | 4381800 |
| വാർദ്ധക്യകാല പെൻഷൻ | 721 | 10270500 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 166 | 2024700 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 20 | 237200 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2019 12.00 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 4432 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. എന്നാൽ ആനിക്കാട് ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി ആരംഭിച്ചിട്ടില്ല. ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനും, ആയതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2019 | 01/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.11.2016 | 2011-12 to 2015-16 | 02.01.2017 |

## 1-11 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണം: ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്.

വൗച്ചറുകളുടെ സൂക്ഷിപ്പ്: വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ധനപരമായ ഇടപാടുകളിൽ പ്രസിഡന്റ് രേഖാമൂലം ചുമതലപ്പെടുത്തിയതിനുശേഷമല്ല ചെക്ക്/ബിൽ എഴുതിയിട്ടുള്ളത്. വൗച്ചറുകൾ പലതും പ്രസിഡന്റ് കൈയ്യൊപ്പിട്ട് ആധികാരികമാക്കിയിരുന്നില്ല. പ്രസിഡന്റിന്റെ രേഖാമൂലമുള്ള അനുമതിയില്ലാതെ പഞ്ചായത്ത് ഫണ്ടിൽനിന്നും പണം പിൻവലിക്കുന്നത് നിയമവിരുദ്ധമാണ്.

രേഖകളുടെ സൂക്ഷിപ്പ്: സ്യൂട്ട് രജിസ്റ്ററിൽ അവശ്യം വേണ്ട രേഖപ്പെടുത്തലുകൾ ഇല്ല.

അക്കൗണ്ടിംഗ് സംവിധാനം: സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സുഗമമായി നടത്തിയിട്ടുണ്ട്.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11 /തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പഞ്ചായത്തിന്റെ സാമ്പത്തികനില തൃപ്തികരമല്ല

2017-18 സാമ്പത്തിക വർഷത്തെ തനത് വരവ് - ചെലവ് കണക്കുക ൾപരിശോധിച്ചതിൽ ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തികനില തൃപ്തികരമല്ല എന്നു കാണുന്നു. നികുതി/നികുതിയേതര വരവുകൾ, ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് /അഡ്മിനിസ്ട്രേറ്റിവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 70.71 ലക്ഷം രൂപയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു. (Income & Expenditure Statement പ്രകാരമുള്ളത്).

| *ഷെഡ്യൂൾ* | *തനത് വരുമാനം* | *തുക* | *ഷെഡ്യൂൾ* | *ചെലവ്* | *തുക* |
|---|---|---|---|---|---|
| I-1&1-3 | Tax Revenue | 2307981 | *I-10(b)* | *Establishment Expenses* | *6014745* |
| I-4(b) | Fees User Charges | 289896 | I-11(b) | Administrative Expenses | 3103060 |
| I-5(b) | Sale Hire Charges | 270543 | I-12(b) | Operations Maintenance | 879444 |
| I-8 | Interest Earned | 72241 | I-13 | Interest Finance Charges | 14475 |
| I-9 | Other Income | 0 | | | |
| | ആകെ | 2940661 | | | 10011724 |

മിച്ച ഫണ്ട് (2940661-10011724) : (-)7071063

പൊതുആവശ്യ ഗ്രാന്റായി 5359000 രൂപ യാണ് ലഭിച്ചിട്ടുള്ളത്. പൊതുആവശ്യ ഗ്രാന്റ് ലഭിയ്ക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം,വൈദ്യുതചാർജ്,വെള്ളക്കരം എന്നിവ മുടക്കം കൂടാതെ നല്കുവാൻ കഴിയുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും,

അതുപോലെതന്നെ പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെടുത്തി പരമാവധി വിഭവം സാധ്യമായ മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

## 2-2 രസീത് പരിശോധനയിൽ കണ്ട അപാകതകൾ

കാര്യാലയത്തിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് രസീത് ബുക്കുകൾ നൽകുമ്പോൾ കൃത്യമായി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി നൽകുകയും കാര്യാലയത്തിൽ തിരികെ നൽകുമ്പോൾ ഉപയോഗിക്കാത്തവ ക്യാൻസൽ ചെയ്തെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം വെറ്റിനറി സർജന് വിതരണം ചെയ്ത രസീത് ബുക്കുകളിലെ ഉപയോഗിക്കാത്ത പേജുകൾ ക്യാൻസൽ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നം. | ക്യാൻസൽ ചെയ്യാൻ അവശേഷിച്ചത് |
|---|---|
| 61688 | 92 മുതൽ 100വരെ |
| 9757 | 56 മുതൽ 100വരെ |

ഓരോ നിർവ്വഹണ ഉദ്യാഗസ്ഥനും കൈപ്പറ്റിയിട്ടുള്ള രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം പഞ്ചായത്തിൽ തിരികെ ഏൽപിക്കേണ്ടതാണ്. ഓഡിറ്റ് വേളയിലാണ് പല നിർവ്വഹണ ഉദ്യോഗസ്ഥരും തങ്ങളുടെ കൈവശമുള്ള രസീതു ബക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപിച്ചത്. മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-3 മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയത്തിൽ പിഴവ്

2013-14 വർഷത്തെ വിവര ശേഖരണത്തിന്റെയും, മുൻ നികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ചിട്ടുള്ളതിൽ ബി.റ്റി.എസ്., ഡി.ജി., ഷെൽറ്റർ എന്നിവ ഉൾപ്പെടുത്തിയല്ല വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതെന്ന് കണ്ടു. മൊബൈൽ ടവറുകളുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണകുറിപ്പിന്റെ (നം. 15 / 20.03.2019) മറുപടിയിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇപ്രകാരമല്ല നിർണ്ണയിച്ചിരിക്കുന്നതെന്ന് സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

മൊബൈൽ ടവറുകളും അനുബന്ധ സൗകര്യങ്ങളായ ഡി.ജി റും, ഷെൽട്ടർ എന്നിവ ഒറ്റ യൂണിറ്റായി പരിഗണിച്ച് ഏരിയ കണക്കാക്കിയാണ് പുതുക്കിയ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

നികുതി നിർണ്ണയത്തിലെ പിഴവ് തിരുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 8 മൊബൈൽ ടവറുകളുടെയും അളവു വിവരങ്ങൾ പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിരക്കിൽ തുടർ വർഷങ്ങളിൽ നികുതി പിരിച്ചെടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 4-ൽ മോട്ടോർഫീസ് ഈടാക്കുന്നതിനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകളുണ്ട്. ഇവയ്ക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.15 / 20.03.2019) മറുപടിയിൽ വ്യക്തമാണ്. ജനറേറ്ററുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ മോട്ടോർഫീസ് കണക്കാക്കി ടവറുടമകളിൽ നിന്ന് മോട്ടോർ ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 2-5 അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകി

പൊതു ആരാധനയ്ക്കായി നീക്കി വച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യത്തിലേക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾ, മതപഠന ശാലകൾ എന്നിവയെ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പിന്റെ 1-(എ) ഉപ വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്നും സേവന ഉപനികുതിയിൽ നിന്നും

ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, മത സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഏതാനും കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ മേൽവിലാസം | കെട്ടിടത്തിന്റെ വിവരം | വാർഡും കെട്ടിട നമ്പറും | തറ വിസ്തീർണ്ണം |
|---|---|---|---|---|
| 1 | മാനേജർ, സി.എസ്.ഐ. പള്ളി,പുന്നവേലി | പള്ളിവക ബോർഡിംഗ് ഹോം | 5/ 228 | 400 m2 |
| 2 | സെക്രട്ടറി, പുളൂർ മുസ്ലീം പള്ളി,പുന്നവേലി | പള്ളിവക ഓഫീസ് | 6/ 33 | 80 m2 |
| 3 | സെക്രട്ടറി, പുളൂർ മുസ്ലീം പള്ളി,പുന്നവേലി | പള്ളിവക ഓഫീസ് | 6/34 | 35 m2 |
| 4 | സെക്രട്ടറി, ആനിക്കാട് ശിവപാർവ്വതി ക്ഷേത്രം, നൂറന്മാവ് | ഓഡിറ്റോറിയം | 10/ 98 | 208.6 m2 |
| 5 | ട്രസ്റ്റി, ബത്‌ലഹേം ഹോളിഫാമിലി മലങ്കര ചർച്ച് ആനിക്കാട് | പള്ളിവക ഓഫീസ് കെട്ടിടം | 11/ 56 | 38 m2 |
| 6 | ട്രസ്റ്റി, ബത്‌ലെഹേം ഹോളിഫാമിലി മലങ്കര ചർച്ച് ആനിക്കാട് | പള്ളിവക ഓഫീസ് കെട്ടിടം | 11/ 57 | 47 m2 |

മുകളിൽ കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾ ആരാധനാവശ്യത്തിന് ഉപയോഗിക്കുന്നതാണെന്ന് പഞ്ചായത്ത് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തിയിട്ടാണോ നികുതി ഇളവ് അനുവദിച്ചിരിക്കുന്നത് എന്ന വിവരം ആരാഞ്ഞുകൊണ്ട് നൽകിയ അന്വേഷണ കുറിപ്പിന് (23 / 25.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾ നികുതിയിളവിന് അർഹമാണോയെന്ന് പുന:പരിശോധിക്കേണ്ടതും, നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങളുടെ നികുതി ഈടാക്കി, വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 2-6 കണിയാപുരം ഓഡിറ്റോറിയം - വസ്തു നികുതി വർഷങ്ങളായി അടവാക്കുന്നില്ല

കണിയാപുരം ഓഡിറ്റോറിയം - വസ്തു നികുതി വർഷങ്ങളായി(2015 മുതൽ) അടവാകുന്നില്ലന്ന് ബോദ്ധ്യപ്പെട്ടു.ആയതിന്റെ കാരണം അന്വേഷിച്ചപ്പോൾ ലഭ്യമാക്കിയ ഫയൽ (A-513/18) പരിശോധിച്ചതിൽ, 2011 വർഷത്തെ വസ്തുനികുതി പരിഷ്കരണപ്രകാരം മറിയാമ്മ രാജൻ, കണിയാപുരയിടം, പുന്നവേലി എന്നയാളുടെ ഉടമസ്ഥതയിലുള്ള 945 ച.മീ. വിസ്തൃതിയുള്ള ഓഡിറ്റോറിയത്തിന് (കെട്ടിട നമ്പർ 6/161) 32745 രൂപ നികുതി നിർണ്ണയിച്ചിട്ടുണ്ട് (വസ്തുനികുതി 31185 + ലൈബ്രറി സെസ്സ് 1560) .എന്നാൽ ഇതേ കെട്ടിടത്തിനുതന്നെ 2015ൽ 6/397 എന്ന പുതിയ നമ്പർ നൽകി (400 ച.മീറ്റർ വിസ്തീർണ്ണത്തിൽ) 15120/- രൂപ (വസ്തുനികുതി 14400 + ലൈബ്രറി സെസ്സ് 720) യായി നികുതി പുതുക്കി നിശ്ചയിച്ചു. ഒരേ കെട്ടിയത്തിന് തന്നെ വ്യത്യസ്ത നമ്പർ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പഞ്ചായത്ത് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് രണ്ടും ഒന്നുതന്നെയെന്ന് സ്ഥിരീകരിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ തെറ്റായി രേഖപ്പെടുത്തിയ കെട്ടിട നമ്പറും (6/397) അനുബന്ധ വിവരങ്ങളും ( 400 ച.മീ. വിസ്തൃതി) ബന്ധപ്പെട്ട രജിസ്റ്ററിൽ നിന്നും സഞ്ചയാ സോഫ്റ്റ്‌വെയറിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തു. തുടർ വർഷങ്ങളിൽ 6/161 കെട്ടിട നമ്പർ വച്ച് പ്രസ്തുത ഓഡിറ്റോറിയത്തിന് വസ്തുനികുതിയ്ക്കുള്ള ഡിമാന്റ് നോട്ടീസ് കെട്ടിട ഉടമയ്ക്ക്

അയച്ച എങ്കിലും ഉടമസ്ഥൻ 6/161 കെട്ടിട നമ്പർ പ്രകാരമുള്ള വസ്തുനികുതി അടവാക്കാത്തതിനാൽ 15.03.2018 -ാം തീയതിയിൽ എ3-2066/2017-ാം നമ്പറായി അരിയർ ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമ 6/397 കെട്ടിട നമ്പർ പ്രകാരമുള്ള വസ്തു നികുതി അടയ്ക്കാൻ തയ്യാറാണെന്നും 6/161 പ്രകാരം വസ്തുനികുതി അടവാക്കാൻ താൻ ബാധ്യസ്ഥനല്ലായെന്നും 14.03.18-ൽ പഞ്ചായത്തിൽ മറുപടി നൽകുകയുണ്ടായി. ഈ സാഹചര്യത്തിൽ 1996-ലെ കേരളാ പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ 14-ാം ചട്ടപ്രകാരം 20.02.2019-ൽ എ3-4652/18-ാം നമ്പർ പ്രകാരം റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. പിന്നീട് തുടർ നടപടി കൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.
ഇത്തരത്തിൽ സമാനമായ അപാകതകൾ സഞ്ചയയിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിന് വകുപ്പുതലത്തിൽ ഒരു സമഗ്ര അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-7 വാടകക്കാരുമായി കൃത്യമായ കരാർ ചമയ്ക്കുന്നില്ല – ജി. എസ്.ടി. ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിലുള്ള ബസ്സ് കാത്തിരിപ്പ് കേന്ദ്രത്തിനോടനുബന്ധിച്ചുള്ള കടമുറി (264-ാം നമ്പർ കെട്ടിടം), മോഹൻ നായർ എണ്ണശ്ശേരിൽ വീട് ആനിക്കാട് എന്ന വ്യക്തിക്ക് വാടകയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ കരാർ ചമയ്ക്കാതെയാണ് ഈ കടമുറി വാടകയ്ക്ക് നൽകിയിരിക്കുന്നത്. വാടകക്കാരനുമായി മുദ്രപത്രത്തിൽ ഉടമ്പടി വയ്ക്കാതിരുന്നത് ഗുരുതരമായ അപാകതയാണ്.

2017 ജൂലൈ 01 മുതൽ രാജ്യത്ത് ഏകീകൃത നികുതി (ജി.എസ്.ടി.) സംവിധാനം നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് വാടകകാരിൽ നിന്ന് 18% നിരക്കിൽ ജി.എസ്.ടി. ചുമത്തേണ്ടതാണ്. എന്നാൽ ടി കടമുറിയുടെ വാടകയിന്മേൽ ജി.എസ്.ടി. ഈടാക്കിയിട്ടില്ല.

തുടർ വർഷങ്ങളിൽ ഈ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 തൊഴിൽനികുതിപിരിവിലെ അപാകതകൾ

(എ) നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ സെക്രട്ടറി നോട്ടീസു മൂലം ആവശ്യപ്പെടാൻ സെക്രട്ടറി ബാദ്ധ്യസ്ഥനാണ്. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം. 11/15.03.2019) മറുപടിയിൽ, നികുതി അടവാക്കാൻ ബാദ്ധ്യസ്ഥനായ ജീവനക്കാരുടെ ലിസ്റ്റ് രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കി. അതിനാൽ ഈ ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്യുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ വരും വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|
| 1. | സാംകുട്ടി ജോൺ |
| 2. | സുരേഷ് കുമാർ റ്റി.എസ്. |
| 3. | ജോൺ തോമസ് |

| | |
|---|---|
| 4. | രാജൻ എം. |
| 5. | കെ.എം.ജോർജ്ജ് |
| 6. | സോണി ജോസഫ് |
| 7. | സണ്ണി ഫിലിപ്പ് |
| 8. | സക്കറിയാ തോമസ് |
| 9. | കെ.ഓ. സാബു |
| 10. | ബാബു കുര്യൻ |
| 11. | വർഗ്ഗീസ് ജോർജ്ജ് |
| 12. | ലിജോ സാം വർഗ്ഗീസ് |
| 13. | ബിജു ഫിലിപ്പ് |
| 14. | സുരേഷ് കുമാർ റ്റി.എസ്സ്. |
| 15. | ആർ. പ്രകാശ് കുമാർ |
| 16. | ഐ.ജി. സുകുമാരൻ |
| 17. | പ്രസാദ് എ. |
| 18. | രാജൻ എബ്രഹാം |
| 19. | ചാണ്ടി വർഗ്ഗീസ് |
| 20. | കബീർ പി.എം. |
| 21. | കെ.ഓ. കുര്യാക്കോസ് |

മേൽപ്പറഞ്ഞ കരാറുകാർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചതായി രേഖകളില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. കരാറുകാരിൽ നിന്ന് നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

(സി) <u>മാരിക്കൽ ക്ഷീരോല്പാദക സംഘം - രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയില്ല</u>

മാരിക്കൽ ക്ഷീരോല്പാദക സംഘത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതി ഈടാക്കിയെങ്കിലും രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. രണ്ട് ജീവനക്കാരുള്ള ഈ സംഘത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-9** <u>ഡി. ആന്റ്. ഓ. ലൈസൻസ് പിരിവിലെ അപാകതകൾ</u>

(എ) സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള വിവരം അനുസരിച്ച്, ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 267 കെട്ടിടങ്ങളുണ്ടെങ്കിലും, 2017-18 സാമ്പത്തിക വർഷം ഡി & ഓ ലൈസൻസ് എടുത്തിരിക്കുന്നത് ആകെ 59സ്ഥാപനങ്ങളാണ്. കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ഡി & ഓ ലൈസൻസ് പിരിവ് 100% ആക്കി തനത് ഫണ്ട് സമാഹരിക്കാനുള്ള ഊർജ്ജിത ശ്രമം ബന്ധപ്പെട്ട ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലും ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര ശ്രദ്ധചെലുത്തേണ്ടതും വേണ്ട തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

(ബി) ഡി & ഓ ലൈസൻസ് എടുക്കുമ്പോൾ അവശ്യരേഖകൾ പലതും ഇല്ലാതെയാണ് അപേക്ഷകൾ സമർപ്പിച്ചിരിക്കുന്നതും ലൈസൻസ് നൽകിയിരിക്കുന്നതും. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. Ministry of Law & Justice-ന്റെ Food safety& std.Act 2006-ന്റെ Chapter VI-ന്റെ 26(3) പ്രകാരം ആഹാരം പാചകം ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സാംക്രമിക രോഗങ്ങളൊന്നുമില്ലായെന്ന് ഉറപ്പാക്കാനായി അവരുടെ ഹെൽത്ത് കാർഡ് നിർബന്ധമായും ഡി&ഓ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം വയ്ക്കണമെന്ന് വ്യവസ്ഥയുള്ളപ്പോൾ, അത്തരം രേഖയില്ലാതെയാണ് താഴെ കാണിച്ചിരിക്കുന്ന സ്ഥാപനത്തിന് ഡി&ഓ ലൈസൻസ് നൽകിയിരിക്കുന്നത്.

റിയൽ ടേസ്റ്റ് (റാഡികോ ഫുഡ് പ്രൊഡക്ട്സ്) - 2 ജീവനക്കാർ

2. ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ അവയോടൊപ്പം

- സ്ഥലനാമ സാക്ഷ്യപത്രം(30.01.2008-ലെ 4658/RC3/2008/LSGD നമ്പർ സർക്കുലർ പ്രകാരം)
- പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം (16.03.2007- ലെ GO(P)795/07/LSGD നമ്പർ സർക്കുലർ പ്രകാരം)

എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ ആയത് ഉറപ്പാക്കാതെയാണ് സ്ഥാപനങ്ങൾക്ക് ഡി. & ഓ. ലൈസൻസ് നൽകിയിരിക്കുന്നത്.

3. ഭൂരിപക്ഷ അപേക്ഷകളിലും വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ എന്തിന്റെ അടിസ്ഥാനത്തിലാണ് ഡി. & ഓ. ലൈസൻസ് ഫീ നിശ്ചയിച്ചതെന്നുള്ളത് വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കണ്ണിക്കാട്ട് ഫാർമസ്യൂട്ടിക്കൽ | ജീവനക്കാരുടെ എണ്ണം, ദിവസ വിറ്റുവരവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| റിയൽ ടേസ്റ്റ് (റാഡികോ ഫുഡ് പ്രൊഡക്ട്സ്) | ദിവസ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല |

തുടർ വർഷങ്ങളിൽ മേൽ പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. കേരളാ പഞ്ചായത്തിരാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഡി. & ഓ. ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും സമയബന്ധിതമായി ലൈസൻസ് എടുക്കുന്നില്ലായെന്ന് ഡി. & ഓ. രജിസ്റ്റർ പരിശോധനാ വേളയിൽ മനസ്സിലാക്കുവാൻ സാധിച്ചു. ഏതാനും ഉദാഹരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ലൈസൻസ് എടുത്ത തീയതി | കാലതാമസത്തിനുള്ള പിഴ |
|---|---|---|---|
| 1. | തടിയിൽ സ്റ്റോഴ്സ് | 04.08.2017 | ലേറ്റ് ഫീ ഈടാക്കിയിട്ടല്ല |
| 2. | സുരേഷ് കുമാർ കെ.ആർ (വാർഡ് 7/117 നമ്പർ കടമുറിയിൽ കച്ചവടം) | 19.08.2017 | ലേറ്റ് ഫീ ഈടാക്കിയിട്ടല്ല |

തുടർ വർഷങ്ങളിൽ കച്ചവടസാഥാപനങ്ങൾ എല്ലാം തന്നെ കൃത്യസമയത്ത് ഡി. & ഓ. ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും അത് ലംഘിക്കുന്നവരിൽ നിന്നും ശിക്ഷയെന്നോണം ലേറ്റ് ഫീ ഈടാക്കേണ്ടതുമാണ്.

## 2-10 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ

ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ലയെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.13/15.03.2019) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇവരിൽ നിന്നും ലൈസൻസ് ഫീസും സ്ഥാപനതൊഴിൽനികുതിയും അടിയന്തിരമായി ഈടാക്കുവാൻ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും സെക്രട്ടറിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-11 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2012-ലെ കേരള പഞ്ചായത്ത് രാജ് ചട്ടം (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം 3 പ്രകാരം ലൈസൻസെടുക്കാതെ ചുവടെ പറയുന്ന വ്യക്തികൾ പഞ്ചായത്ത് പരിധിയിൽ ഫാമുകൾ നടത്തുന്നു.

| *ഫാം നടത്തുന്ന വ്യക്തിയുടെ പേരും വിലാസവും* | *ഇനം* | ലൈസൻസ് എടുത്തതിന്റെ നിലവിലെ സ്ഥിതി |
|---|---|---|
| സജി ഈപ്പൻ, മേലെതറയിൽ, ആനിക്കാട് | കന്നുകാലി ഫാം | ലൈസൻസ് എടുത്തിട്ടില്ല. |
| ജിജി ഐസക്, മുട്ടശ്ശേരിൽ, ആനിക്കാട് | കന്നുകാലി ഫാം | നാളിതു വരെ കെട്ടിടത്തിന് നമ്പർ ഇട്ടിട്ടില്ല, ലൈസൻസും എടുത്തിട്ടില്ല. |

(ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 21/25.03.2019 ന് മറുപടിയായി സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളാണിത്.)

ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ആയതിന് അനുമതി ലഭിക്കുന്നതിനായി 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 6-ൽ നിർദ്ദേശിക്കുന്ന രീതിയിൽ, ഫോറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും, അപ്രകാരം അനുമതി ലഭിച്ചുകഴിഞ്ഞാൽ ചട്ടം 7 പ്രകാരം ഫാം നടത്തുന്നതിന് ലൈസൻസിനായി ഫോറം നമ്പർ 2-ൽ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ചാൽ അപേക്ഷകന് ഫോറം നമ്പർ 3-ൽ ലൈസൻസ് അനുവദിക്കേണ്ടതുമാണ്. കൂടാതെ അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012, ചട്ടം-3 പ്രകാരം ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യത ഉളവാക്കുന്ന പ്രവർത്തിയായിരിക്കുമെന്നതിനാൽ നിശ്ചിത എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് 232- ാം വകുപ്പ് പ്രകാരം ലൈസൻസ് ആവശ്യമാണ്. എന്നാൽ ഇതിന് വിരുദ്ധമായിട്ടാണ് പ്രസ്തുത ഫാമുകൾ പ്രവർത്തനം തുടരുന്നത്.

മേൽപ്പറഞ്ഞ ഫാമുകളിൽ സംരക്ഷിക്കപ്പെടുന്ന വളർത്തുമൃഗങ്ങളുടെ എണ്ണം, വളർത്തുന്നതിനാവശ്യമായ കുറഞ്ഞ സ്ഥല വിസ്തൃതി എന്നിവ ചട്ടം അനുശാസിക്കുന്ന പട്ടികകൾ പ്രകാരം നിജപ്പെടുത്തി ഫീസ് ഈടാക്കി ഫാം ലൈസൻസ് അനുവദിക്കുകയോ അല്ലാത്തപക്ഷം നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടാൽ അതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ നടത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് നേടുന്നത് സംബന്ധിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നിലവിലുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ ലൈവ് സ്റ്റോക്ക് ഫാമുകൾ നടത്തുമ്പോൾ അവയിൽ നിന്ന് ഉത്ഭവിക്കുന്ന മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിനുള്ള ക്രമീകരണങ്ങൾ, രോഗങ്ങൾ പടരാതിരിക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ തുടങ്ങിയ കാര്യങ്ങളെ മുൻനിർത്തി, ഇത്തരം ഫാമുകൾ ആരംഭിക്കുന്നതിനും തുടർന്ന് നടത്തുന്നതിനും ഇവയുടെ രജിസ്ട്രേഷൻ നിർബന്ധമാക്കേണ്ടതാണ്.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുടമകളിൽ നിന്നും അടിയന്തിരമായി ലൈസൻസ് എടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് എൻക്വയറിക്കുള്ള മറുപടിയായി സെക്രട്ടറി ഉറപ്പു നൽകിയിട്ടുണ്ട്. അതു പ്രകാരം ടി ഫാം ഉടമകളെക്കൊണ്ട് എത്രയും വേഗം ലൈസൻസ് എടുപ്പിക്കേണ്ടതും, ഇവയുടെ പ്രവർത്തനമൂലം ഉത്ഭവിക്കുന്ന ഖരമാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കൃത്യമായി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതും, ആവശ്യമുള്ള

സാക്ഷ്യപത്രങ്ങൾ നിഷ്കർഷിക്കേണ്ടതുമാണ്. മുകളിൽ പറഞ്ഞിരിക്കുന്ന ഫാമുകൾ ലൈസൻസ് എടുത്ത വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആസ്തികൾ സംരക്ഷിക്കുന്നില്ല: അന്യാധീനപ്പെട്ടുപോകാൻ സാദ്ധ്യത

ഗ്രാമപ്പഞ്ചായത്തിന്റെ കൈവശത്തിലുള്ള സ്ഥാവര ആസ്തികൾ തിട്ടപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ വസ്തുവകകൾ അന്യാധീനപ്പെടാൻ സാദ്ധ്യതയുള്ളതായി രേഖകൾ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു.

എ) പഞ്ചായത്തിന്റെ ആസ്തികൾ സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ

ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, ചുവടെ പറയുന്ന സ്ഥാവര ആസ്തികൾ ഗ്രാമപ്പഞ്ചായത്തിന്റെ പേരിലുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നുംതന്നെ ഗ്രാമപ്പഞ്ചായത്തിൽ ലഭ്യമല്ല. ഇവ നിലവിൽ സ്വകാര്യ വ്യക്തികളുടെ പേരിലാണുള്ളത്.

| ഭൂമിയുടെ വിവരം | ബ്ലോക്ക് നം | റീസർവ്വേ നം. | വിസ്തീർണ്ണം | | റിമാർക്ക് |
|---|---|---|---|---|---|
| | | | ആർ | ച.മീറ്റർ | |
| മൈലോലി മാർക്കറ്റ് | 31 | 14/2 | 15 | 80 | ഭൂമിയുടെ ആധാരം ലഭ്യമാണ് |
| സ്കൂൾ കോംപൌണ്ട്, വായ്പൂര് | | | 80 | 94 | ഭൂമിയുടെ ആധാരം ഇല്ല, ഭൂമി പോക്കുവരവ് ചെയ്തിട്ടില്ല. |
| ഹെൽത്ത് സെന്റർ, വായ്പൂര് | | | 2 | 2.34 | -ടി- |
| മോഡൽ അങ്കണവാടി നം.80,പുല്ലുകുത്തി | | | 2 | | -ടി- |
| അങ്കണവാടി നം.72 | | | 4 | | -ടി- |
| ഗ്രാമപ്പഞ്ചായത്ത് ഓഫീസ് | | | 2 | 4 | -ടി- |
| ചെട്ടിമുക്ക് അങ്കണവാടി (ക്വാർട്ടേഴ്സ്) | | | | 75 | -ടി- |
| അങ്കണവാടി നം.84 | | | | 38.44 | -ടി- |
| വെറ്ററിനറി ഡിസ്പെൻസറി | | | 2 | | -ടി- |
| ഗവ.ഹോമിയോ ഡിസ്പെൻസറി | | | 2 | | -ടി- |
| HI ക്വാർട്ടേഴ്സ് | | | 46 | 52.53 | -ടി- |
| അങ്കണവാടി | | | | 49.5 | -ടി- |

| | | | | | |
|---|---|---|---|---|---|
| പുന്നവേലി | | | | | |
| അങ്കണവാടി രാജീവ്ഗാന്ധി കോളനി | | | | 43.2 | -ടി- |
| അങ്കണവാടി മച്ചിയാനിക്കൽ നം.79 | | | | 75 | -ടി- |
| ഫാമിലി വെൽഫെയർ സെന്റർ | | | | 75 | -ടി- |
| അങ്കണവാടി നം.73 | | | | 75 | -ടി- |

മുൻകാലങ്ങളിൽ ഗ്രാമപ്പഞ്ചായത്തിന് ഇഷ്ടദാനമായി ലഭിച്ചതാണ് ഇവയിൽ പലതും. ഇവയുടെ ആധാരം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും, പോക്കുവരവ് ചെയ്ത് കരം അടയ്ക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരംകൂടി ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ച് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം.18/2019തീയതി 20.03.2019) രേഖകളോ മറുപടിയോ ലഭ്യമാക്കിയില്ല.

ബി) ഗ്രാമപ്പഞ്ചായത്ത് ഓഫീസും, പഞ്ചായത്ത് വിലകൊടുത്ത് വാങ്ങിയ ഭൂമിയും ആസ്തി രജിസ്റ്ററിലില്ല

74-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി, ആനിക്കാട് വില്ലേജിൽ ബ്ലോക്ക് നം.30ൽ ഉൾപ്പെട്ടിട്ടുള്ള, റീസർവ്വേ നം.49/3 പ്രകാരമുള്ള 01.21ആർ പുരയിടം 2006ലെ 419/2006-ാം നമ്പർ ആധാരപ്രകാരം സംസ്ഥാന ഗവർണ്ണറുടെ പേരിൽ വാങ്ങിയിട്ടുള്ളതാണ്. എന്നാൽ ടി ഭൂമിയുടെ വിവരം ആസ്തി രജിസ്റ്ററിൽ ഇല്ല. ഈ ഭൂമിയുടെ പേരിൽ മറ്റൊരു വ്യക്തി ഉടമസ്ഥാവകാശവാദമുന്നയിച്ച് തിരുവല്ല മുൻസിഫ് കോടതിയിൽ ഒ.എസ്.652/2014-ാം നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്.

ഒരു സ്വകാര്യ വ്യക്തി സംഭാവന നൽകിയ ഭൂമിയിലാണ് ഗ്രാമപ്പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്നത്. എന്നാൽ ഇതിന് ആധാരമോ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളോ ഇല്ല.

പ്രസ്തുത രേഖകൾ അടിയന്തിരമായി റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സി) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ഡിജിറ്റിലൈസ് ചെയ്ത് തയ്യാറാക്കിയിട്ടുള്ള ആസ്തി രജിസ്റ്റർ അപൂർണ്ണമാണ്. 2005-06 വർഷം തയ്യാറാക്കിയ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പിന്നീട് കാലികമാക്കി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതാക്കുന്നതിനും ആസ്തികളുടെ പൂർണ്ണ വിവരം ആവശ്യമാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കൽ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശഭരണ സ്ഥാപനത്തിലെ അസി.എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതും, ഭരണ സമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിക്കുന്നതിനും, കാലികമാക്കി സൂക്ഷിക്കുന്നതിനും അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

ഡി) പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല.കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു ഭൂമികളുടെ അവകാശവും സംരക്ഷണവും

ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ ഇപ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള പുറമ്പോക്ക ഭൂമികളുടെ വിവരം ഗ്രാമപഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ പുറമ്പോക്ക് വസ്തുക്കളുടെ വിവരം പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് വസ്തുക്കൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വെള്ളക്കരം കുടിശ്ശിക പെരുകുന്നു - പഞ്ചായത്തിന് 1.05 കോടി രൂപയുടെ ബാദ്ധ്യത

ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുവരുത്താതെ വൻതുക കുടിശ്ശികയാക്കിയിട്ടുണ്ട്. 2019 ജനുവരി മാസംവരെയുള്ള വെള്ളക്കരം കുടിശ്ശിക 1.05കോടി രൂപയാണ്. കുടിശ്ശികത്തുകയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2 ശതമാനം നിരക്കിലാണ് പിഴപ്പലിശ ഈടാക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.06.2012 ലെ സ.ഉ(സാ).1583/12/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കേണ്ടതാണെന്നും, ഈ ഇനത്തിൽ കുടിശിക ഉണ്ടാകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

293 പൊതു ടാപ്പുകൾക്ക് പ്രതിമാസം 128188 രൂപയാണ് ഗ്രാമപഞ്ചായത്ത് ഒടുക്കുവരുത്തുന്നത്. മുൻകാല കുടിശ്ശിക തീർപ്പാക്കാതെ കറന്റ് ഡിമാന്റ് തുക മാത്രം ഒടുക്കുന്നതിനാൽ കുടിശ്ശികത്തുക പലിശയും, കൂട്ടുപലിശയുമായി ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ പഞ്ചായത്തിന് വലിയ ബാദ്ധ്യതയായി പരിണമിച്ചിരിക്കുന്നു. കുടിശ്ശിക തീർക്കുന്നതിനുള്ള ആത്മാർത്ഥമായ യാതൊരു ശ്രമവും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. മതിയായ തനത് ഫണ്ടിന്റെ അഭാവത്തിൽ മെയിന്റനൻസ് ഗ്രാന്റ് കുടിവെള്ളക്കരം ഒടുക്കുന്നതിന് വിനിയോഗിക്കാമെന്നിരിക്കെ ആയതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കി, ഉപയോഗിക്കുന്ന ജലത്തിനു മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് അനുസരിച്ച് വെള്ളക്കരം ഒടുക്കുന്നത് അഭിലഷണീയമായ നടപടിയല്ല. കൂടാതെ നിലവിലുള്ള വെള്ളക്കര കുടിശ്ശികയുടെ പിഴപ്പലിശ ഒഴിവാക്കി ലഭിക്കുന്നതിനുള്ള ഇടപെടലുകൾ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതും, കുടിശ്ശിക എത്രയും വേഗം നിവാരണം ചെയ്ത്, പഞ്ചായത്തിന്റെ വർദ്ധിച്ചുവരുന്ന ബാദ്ധ്യത തീർപ്പാക്കുന്നതിനും സത്വരനടപടി സ്വീകരിക്കേണ്ടതുമാണ്.

ഗാർഹിക കണക്ഷൻ നൽകി;പൊതുടാപ്പുകൾ നിർത്തലാക്കിയില്ല

കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്നും ഗാർഹിക കണക്ഷൻ നൽകിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കണമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതിൻപ്രകാരം ഗാർഹിക കണക്ഷൻ നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിലും നാളിതുവരെ പൊതു ടാപ്പുകൾ നിർത്തലാക്കിയില്ല.

| വർഷം | നൽകിയ ഗാർഹിക കണക്ഷനുകളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 28 | 168000 |
| 2017-18 | 70 | 975000 |
| 2018-19 | 31 | 157500 |
| ആകെ | 129 | 1300500 |

ഗാർഹിക കണക്ഷൻ നൽകുന്നതിന് അനുസൃതമായി പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവന്നെങ്കിൽ മാത്രമേ ഗ്രാമപ്പഞ്ചായത്തിന് സാമ്പത്തികനേട്ടമുണ്ടാകൂ. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-3 ഇല്ലാത്ത ബൾബുകളുടെ വൈദ്യുതി ചാർജ്ജ് - പ്രതിവർഷം ഒടുക്കുന്നത് 2.75ലക്ഷം രൂപ- പഞ്ചായത്തിന് അധിക ബാദ്ധ്യത

ഉപയോഗിക്കാത്ത വൈദ്യുതിയ്ക്ക് പഞ്ചായത്ത് ചാർജ്ജ് ഒടുക്കുന്ന അവസ്ഥയാണ്. നിലവിൽ ശരാശരി 49718രൂപയാണ് തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇനത്തിൽ ഒടുക്കുവരുത്തുന്നത്. കെ.എസ്.ഇ.ബി. ലഭ്യമാക്കിയ ചാർജ്ജ് പട്ടിക പ്രകാരം 40വാട്ടിന്റെ 347 ഓർഡിനറി ബൾബുകളുടെ താരിഫായി 22902 രൂപയാണ് പ്രതിമാസം ഈടാക്കുന്നത്. വർഷങ്ങളായി തെരുവുവിളക്കുകളുടെ ആവശ്യത്തിന് ഓർഡിനറി ബൾബുകൾ ഉപയോഗപ്പെടുത്തുന്നില്ലെന്നത് ഒരു വസ്തുതയാണ്. എന്നാൽ ഇല്ലാത്ത ഓർഡിനറി ബൾബുകൾക്കും പഞ്ചായത്ത് മുടങ്ങാതെ ചാർജ്ജ് ഒടുക്കിവരുന്നു.

കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ട് ഓർഡിനറി ബൾബുകളുടെ താരിഫ് മുൻകാല പ്രാബല്യത്തിൽ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഈ ഇനത്തിൽ കെ.എസ്.ഇ.ബി. അധികം ഈടാക്കിയ തുക തുടർന്നുള്ള ബില്ലിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

<u>തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല</u>

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചില്ല. യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഒടുക്കുകയാണെങ്കിൽ ഫിക്സഡ് താരിഫ് നൽകുന്നതുമൂലമുള്ള ഭീമമായ നഷ്ടം ഒഴിവാക്കാമായിരുന്നു. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 21.01.2006-ലെ 9541/ഡി.പി.1/05/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 17.05.12-ൽ ഇലക്ട്രിസിറ്റി ബോർഡ് പുറപ്പെടുവിച്ച B.O.(FM)(Genl)No.1007/2012(Plg.Com.3515/98/11-12) നമ്പർ ഉത്തരവ് പ്രകാരം 6 മാസത്തിനകം മീറ്ററിംഗിനുള്ള തുക ഒടുക്കുന്ന പക്ഷം എസ്റ്റിമേറ്റ് തുകയുടെ 50% മാത്രം ഒടുക്കിയാൽ മതിയെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ചെലവ് ചുരുക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അവസരം പഞ്ചായത്ത് പ്രയോജനപ്പെടുത്തിയില്ല. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കി, ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12/15.03.2019 ന്റെ മറുപടിയായി ഐസിഡിഎസ് സൂപ്പർവൈസർ ലഭ്യമാക്കിയത്).

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 17 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 3 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 17 |
| ചുറ്റുമതിൽ ഉള്ളവ | 6 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 17 |
| കുടിവെള്ളം ലഭ്യമായവ | 12 |
| സ്ഥലം വാങ്ങിയിട്ടും കെട്ടിടം പണിയാത്തവ | 1 |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്. 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ, തീയതി.16.11.2013-അനുബന്ധം-1, ഖ-9-1] എന്നാൽ നാളിതുവരെ പഞ്ചായത്തിൽ ഇത് പ്രാവർത്തികമാക്കിയിട്ടില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

## 3-5 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരുടെ വിവരങ്ങൾ പൂർണ്ണമല്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ശാരീരിക- മാനസിക വെല്ലുവിളി നേരിടുന്ന എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും, ഇപ്രകാരം ശേഖരിക്കപ്പെടുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്ന, നിർദ്ദിഷ്ട മാതൃകയിലുള്ള ഒരു രജിസ്റ്റർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സൂക്ഷിക്കേണ്ടതാണെന്നും, ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിലെ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണെന്നും, സർക്കാർ ഉത്തരവ് (സാധാ.)നം.2465/2016ത.സ്വ.ഭ.വ തീയതി 17.08.2016പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവു പ്രകാരമുള്ള പ്രവർത്തനങ്ങളൊന്നും ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ, ഭിന്നശേഷിക്കാരായ എത്രപേർ പഞ്ചായത്ത് പരിധിയിലുണ്ടെന്ന അടിസ്ഥാന വിവരം പോലും ലഭ്യമല്ല. അതിനാൽ അർഹരായ നിരവധി ആളുകൾക്ക് പഞ്ചായത്തിലെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടാകാം. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 3-6 ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ ക്രിയാത്മകമല്ല

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുകയെന്നതാണ് ജാഗ്രതാസമിതിയുടെ ലക്ഷ്യം. എന്നാൽ, പഞ്ചായത്തിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതി പരാതിപെട്ടി, നോട്ടീസ് ബോർഡ് സ്ഥാപിക്കലിൽ ഒതുങ്ങി. ജാഗ്രതാ സമിതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചുപോലും ജനങ്ങൾക്കിടയിൽ വേണ്ടത്ര അവബോധമില്ല.

1995-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164A(5) നമ്പർ വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചു കൂട്ടേണ്ടതും, 2 യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്തിലെ ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ജാഗ്രതാ സമിതിയുടെ സംയുക്ത സമ്മേളനം 6 പ്രാവശ്യം കൂടിയിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷം പഞ്ചായത്തിലെ പല വാർഡുകളിലും ജാഗ്രതാസമിതിയുടെ മീറ്റിംഗ് കൂടിയിരിക്കുന്നത് ആകെ ഒന്നോ രണ്ടോ പ്രാവശ്യം മാത്രമാണ്.

ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് M.S.W.യോഗ്യതയുള്ള ഒരു വനിതയെ കരാർ അടിസ്ഥാനത്തിൽ അതാത് തദ്ദേശസ്ഥാപനങ്ങൾക്ക് നിയമിക്കാവുന്നതും വേതനം നൽകാവുന്നതുമാണെന്ന് പഞ്ചായത്തിരാജ്/നഗരപാലികാസ്ഥാപനങ്ങൾക്കുള്ള സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ [ജി.ഒ.(എം.എസ്.) നം.80/17-3.4.17, ഖണ്ഡിക-12.2(8)] സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനു സാധിക്കാത്ത സാഹചര്യമാണെങ്കിൽ തൊട്ടടുത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇതേ ആവശ്യത്തിനു നിയമിച്ചിട്ടുള്ള കൗൺസിലറുടെ സേവനം ആവശ്യമായ സേവനം ഉപയോഗിക്കാവുന്നതുമാണ്. പഞ്ചായത്തിന് ഈ ഒരു സാധ്യത പ്രയോജനപ്പെടുത്തി ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്.

സ്ത്രീശാക്തീകരണത്തിനും സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ മോണിറ്ററിംഗ് ഉണ്ടാകേണ്ടതാണ്.

## 3-7 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി.) ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുൻപും ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കേണ്ടതും ഏറ്റവും കുറഞ്ഞത് 2മാസം കൂടുമ്പോഴോ, ആവശ്യാനുസരണമുള്ള ഇടവേളകളിലോ കൂടേണ്ടതും പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ നടത്തിപ്പ് വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഈ സാമ്പത്തിക വർഷത്തിൽ ഒരിക്കൽപോലും കമ്മറ്റി യോഗം ചേർന്നിട്ടില്ല.

പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തിവരുന്ന, പി.എം.സി അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത എല്ലാ കിടപ്പുരോഗികളുടെയും വിവരങ്ങൾ നോമിനൽ രജിസ്റ്ററിൽ ചേർക്കേണ്ടതും ഇത് സമയാസമയം ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്നിരിക്കെ, വെബ്സൈറ്റിൽ ഇതു സംബന്ധിച്ച് യാതൊരു അപ്ഡേഷനും നാളിതുവരെ ചെയ്തിട്ടില്ല. ഭരണസമിതി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

ചികിത്സാരീതികൾ പിന്തുടരുന്ന രോഗികൾക്ക് കഴിയുന്നിടത്തോളം അതുമായി ബന്ധപ്പെട്ട ഉപദേശ-നിർദ്ദേശങ്ങൾ നൽകുവാനും അവരുടെ പ്രത്യേക പ്രശ്നങ്ങൾ ഹോം കെയർ ബന്ധപ്പെട്ട ആയുർവ്വേദ / ഹോമിയോപ്പതി ഡോക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അവരുടെ സേവനങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഡോക്ടർ മാത്രമുള്ളതിനാൽ അലോപ്പതി ഡോക്ടറുടെ സേവനം കിടപ്പുരോഗികൾക്ക്

ലഭ്യമാക്കുന്നതിന് സാധിക്കുന്നില്ല. ഈ പ്രശ്നം സാന്ത്വന പരിചരണ പദ്ധതിയുടെ വലിയ ഒരു പോരായ്മയാണ്. തീർത്തും അവശരായ രോഗികളെ ഡോക്ടർ സന്ദർശിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും അനിവാര്യമാണ്. ഇതിലേക്കായി ആയുർവ്വേദ/ഹോമിയോപ്പതി/അലോപ്പതി എന്നിവിടങ്ങളിലെ ഡോക്ടർമാരെ മാറിമാറി നിയോഗിക്കേണ്ടതാണെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല. നിലവിൽ കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നുമാണ് കിടപ്പുരോഗികൾക്കുള്ള മരുന്നുകൾ വാങ്ങുന്നത്. എന്നാൽ കാലാകാലങ്ങളായി യഥാസമയം മരുന്നുകൾ ലഭിക്കുന്നില്ല. ഇത് കൃത്യമാക്കുവാൻ ഓരോ ഹോം വിസിറ്റിലും ആയുർവ്വേദ/ഹോമിയോപ്പതി /അലോപ്പതി എന്നിവിടങ്ങളിലെ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുവാനും ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും സമ്മർദ്ദം ചെലുത്തേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 പാലിയേറ്റീവ് - മരുന്നു വാങ്ങൽ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിച്ചില്ല

പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട മരുന്നു വാങ്ങൽ പ്രോജക്ടുകൾ പ്രകാരം മുൻകൂറായി കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ തുക അടയ്ക്കുന്നുണ്ടെങ്കിലും മരുന്നുകളും, ഡയപ്പറുകളും അനുബന്ധ ഉപകരണങ്ങളും സമയബന്ധിതമായി ലഭിക്കുന്നില്ല. ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | നിർവ്വഹണ ഉദ്യോഗസ്ഥ | ബില്ല് നം. | ബിൽ തുക | ലഭ്യമാക്കാനുള്ള മരുന്നുകൾ (തുക) |
|---|---|---|---|---|
| S0040/18<br>പാലിയേറ്റീവ് പരിചരണ പദ്ധതി | മെഡിക്കൽ ഓഫീസർ, ആനിക്കാട് പി.എച്ച്.സി. | ട്രഷറി ചെക്ക് നം.70508140000021/ 27.03.2018<br>(ജില്ലാ പഞ്ചായത്ത് വിഹിതം) | 3,00,000<br>രൂപ<br>{ഇതിൽ 2,70,000 രൂപ മരുന്നു വാങ്ങലും 30,000 രൂപ പാലിയേറ്റീവ് നേഴ്സിന്റെ ഹോണറേറിയം കുടിശ്ശികയുമാണ്} | 73,501രൂപ |

അശരണരും ശയ്യാവലംബരുമായ രോഗികൾക്ക് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈക്കൊള്ളേണ്ടതും മരുന്നു ലഭ്യമാക്കിയ ശേഷം വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-9 പാലിയേറ്റീവ് പരിചരണം പദ്ധതി-വാഹന വാടക അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | S0040/18<br>പാലിയേറ്റീവ് പരിചരണ പദ്ധതി |
| അടങ്കൽ | രൂ. 4,50,000 (വികസന ഫണ്ട്)+ 3,00,000(ജില്ലാ പഞ്ചായത്ത് വിഹിതം) = 7,50,000രൂപ |
| ചെലവ് തുക | രൂ. 2,30,400 (വാഹന വാടക മാത്രം) |
| ചെലവു വിവരം | ബിൽ നം.1/29.08.17, 2/29.11.17, 3/19.02.18, 5/28.03.18 |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ആനിക്കാട് പി.എച്ച്.സി. |

2017-18 സാമ്പത്തിക വർഷത്തിലെ 'പാലിയേറ്റീവ് പരിചരണം പദ്ധതിയിൽ (S0040/18)' ഹോം കെയർ ആവശ്യത്തിലേക്ക് വാഹനം ഓടുന്നതിന് മാർഗ്ഗരേഖ പ്രകാരം [ജി.ഓ(ആർ.ടി)3217/2015/ത.സ്വ.ഭ.വ/29-10-15] പരമാവധി നൽകാവുന്ന ഒരു

ദിവസത്തെ വാഹനവാടക 1100/-രൂപയാണ്. എന്നാൽ ഇതിനു വിരുദ്ധമായി 2017-18 സാമ്പത്തിക വർഷം മുഴുവൻ വാഹനം ഓടിയതിന് നൽകിയ തുക 1200രൂപ വീതമാണ്. വെയിറ്റിംഗ് ചാർജ് ഇനത്തിൽ 100രൂപ ഉൾപ്പെടുത്തി 1200 രൂപ കൊടുത്തിരുന്നത്, കുറഞ്ഞ നിരക്കിൽ വാഹനം കിട്ടാത്തതിനാലാണെന്ന് ഓഡിറ്റ് അന്വേഷണകുറിപ്പ് (20/25.03.2019)-നുള്ള മറുപടിയിൽ മെഡിക്കൽ ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ മാത്രമാണ് വെയിറ്റിംഗ് ചാർജ് നൽകാവുന്നത്. ഒരു ദിവസത്തേക്ക് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വെയിറ്റിംഗ് ചാർജ് നൽകാൻ പാടില്ല. ഇപ്രകാരം മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി വാഹന വാടക നൽകിയതുമൂലം 19,200/-രൂപ (12x16x100=19200) അധികമായാണ് ഹോം കെയർ വാഹനം ഓടുന്നതിന് നൽകിയിട്ടുള്ളത്. ടി തുക നിരാകരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതെ മാർഗ്ഗരേഖ പ്രകാരം പദ്ധതി നടപ്പിലാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തേണ്ടതുമാണ്.

## 3-10 സബ്സിഡിത്തുക ക്ഷീരസംഘങ്ങൾക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ചതിനുശേഷം ഗുണഭോക്താക്കൾക്കുള്ള സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവാർഷിക പദ്ധതി സംബന്ധിച്ച സബ്സിഡി മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്.) നം.80/2017/തസ്വഭവ, തീ.03.04.2017] ഖണ്ഡിക നം.2.2.8 നിഷ്കർഷിക്കുന്നു. എന്നാൽ 2017-18 വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ 'പാലിന് സബ്സിഡി നൽകൽ ' (പ്രോജക്ട് നം. 64/2018), 'കറവപ്പശുക്കൾക്ക് കാലിത്തീറ്റ' (പ്രോജക്ട് നം. 66/2018) എന്നീ പ്രോജക്ടുകൾ പ്രകാരമുള്ള സബ്സിഡിത്തുകയായ 1625000 രൂപ, ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നേരിട്ട് നൽകുന്നതിനുപകരം നാല് ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ അക്കൌണ്ടിലേക്കാണ് കൈമാറിയിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ബാങ്ക് അക്കൗണ്ടുവഴിയുള്ള സബ്സിഡി വിതരണത്തിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.10/2019തീയതി 14.03.2019). ക്ഷീരസംഘങ്ങൾക്ക് നൽകിയ തുക, നിർവ്വഹണ ഉദ്യോഗസ്ഥയുടെ മേൽനോട്ടത്തിലാണ് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ആനുകൂല്യം നേരിട്ട് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 ഹരിത കർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചില്ല

ഹരിതകർമ്മസേന രൂപീകരിക്കുകയും, പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കുകയും ചെയ്തിട്ടും ഹരിതകർമ്മസേന പ്രവർത്തനസജ്ജമായില്ല. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി 651700 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിരുന്നെങ്കിലും (പ്രോ.നം.153/18) പദ്ധതി നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി.

ഖരമാലിന്യ പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഒരോ പ്രദേശത്തേയും മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ജൈവമാലിന്യം ഉറവിടത്തിൽതന്നെ പരിപാലിക്കുന്നതിനും, പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഹരിത കേരള മിഷനുമായി സംയോജിപ്പിച്ച് കർമ്മ പരിപാടികൾ തയ്യാറാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ പഞ്ചായത്തുകളോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്ന കാര്യത്തിൽ തികഞ്ഞ ഉദാസീനതയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. മുൻ വാർഷിക പദ്ധതികളിൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് പഞ്ചായത്ത് ആവിഷ്കരിച്ച പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നാലു വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരള കർമ്മ പദ്ധതിയ്ക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം, ജലവിഭവ സംരക്ഷണം, സുസ്ഥിര കൃഷി വികസനം എന്നിവ ഹരിത കേരളം മിഷന്റെ മൂന്ന് ഉപമിഷനുകളാണ്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(സാധ.)നം.2420/2017/തസ്വഭവ, തീ. 15.07.17]. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഹരിത കേരള മിഷനും, കർമ്മ സമിതിയും എല്ലാ വാർഡ് മെമ്പർമാരും, യോഗം ചേർന്ന് മാലിന്യ സംസ്കരണത്തിനുള്ള രൂപരേഖ ചർച്ച ചെയ്യണമെന്നും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അവർ തെരഞ്ഞെടുക്കുന്ന ഹരിതകർമ്മ സേന മുഖേനയായിരിക്കണമെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-12 ആശ്രയ രണ്ടാം ഘട്ട പദ്ധതി (ജനറൽ) അവലോകനം

സമൂഹത്തിലെ നിരാലംബരും, നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. 2017-ലാണ് രണ്ടാംഘട്ട ആശ്രയ പദ്ധതി (സ.ഉ.(സാധാ)(നം. 1112/2017 തീയതി 07.04.17))ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി തുടങ്ങിയത്. രണ്ടാം ഘട്ട പദ്ധതിയുടെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| ഏജൻസി | വകയിരുത്തിയ തുക | ലഭ്യമായ തുക | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 6811487 | 250000 | 250000 |
| ചലഞ്ച് ഫണ്ട് | 1463200 | 487733 | 92982 |
| ആകെ | 8274687 | 737733 | 342982 |

രണ്ടാം ഘട്ട പദ്ധതിയ്ക്കായി ആകെ വകയിരുത്തിയ 8274687 രൂപയിൽ 342982 രൂപയാണ് ചെലവഴിച്ചത്.

ഘടകങ്ങളുടെ അടിസ്ഥാനത്തിലുള്ള ധനകാര്യ വിശകലനം

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ഭക്ഷണം | 143 | 1796400 | 154848 |
| 2 | ചികിത്സ | 124 | 892800 | 0 |
| 3 | ഭൂമി വാങ്ങൽ | 4 | 6,00,000 | 0 |
| 4 | വീട് നിർമ്മാണം | 12 | 3000,000 | 0 |
| 5 | ഭവന പുനരുദ്ധാരണം | 60 | 1500,000 | 0 |
| 6 | പഠനസഹായം | 47 | 141000 | 0 |
| 7 | സ്വയം തൊഴിൽ | 20 | 300000 | 0 |

വകയിരുത്തിയ 8274687 രൂപയിൽ 6811487 രൂപ പദ്ധതിവിഹിതവും 1463200 രൂപ ചലഞ്ച് ഫണ്ടുമാണ്. 2017-18 ൽ പദ്ധതിവിഹിതമായി 470495 രൂപയും ചലഞ്ച് ഫണ്ടായി 507391 രൂപയും ഉൾപ്പെടെ 977886 രൂപ ലഭിയ്ക്കേണ്ടയിടത്ത് കേവലം രണ്ടരലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

ഭക്ഷണവിതരണത്തിനായിമാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഭക്ഷണം, ചികിത്സ, വസ്തു വാങ്ങൽ, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം തുടങ്ങിയ പരിചരണ സേവനങ്ങൾ ഉൾപ്പെടുത്തിയാണ് കർമ്മ പദ്ധതി തയ്യാറാക്കിയതെങ്കിലും ഭക്ഷണ വിതരണം ഒഴികെ മറ്റ് സേവനങ്ങൾ ഒന്നുംതന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയ്ക്കായി ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ലഭിച്ച തുകകളിൽ പലിശ ഉൾപ്പെടെ 757651 രൂപ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. അഗതി കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിവർത്തിക്കുക എന്നതിലുപരിയായി അവരുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി നടത്തിപ്പ് ഈ ലക്ഷ്യം പൂർണ്ണമായി കൈവരിക്കുന്നതിന് ഉതകുന്ന രീതിയിലല്ല. ഈ വിഷയത്തിൽ സി.ഡി.എസ്-ന്റെയും, പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധക്ഷണിക്കുന്നു. ആശ്രയപദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 വാർഡ് വിഭജനമെന്ന സങ്കുചിത കാഴ്ചപ്പാട് - സമഗ്രമായ പദ്ധതികൾക്ക് വിലങ്ങുതടിയായി

ഓരോ മേഖലയിലും, ഉപവികസന മേഖലയിലും തയ്യാറാക്കുന്ന പ്രോജക്ടുകൾവരെ വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന തെറ്റായ പ്രവണത ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു

പകരം പശ്ചാത്തല മേഖലയിൽ ലഭ്യമായ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവെച്ച് ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളാണ് അവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഓഡിറ്റ് വർഷം റോഡ് കോൺക്രീറ്റിംഗിനായി 40 പുതിയ പ്രോജക്ടുകളും റീ- കോൺക്രീറ്റിംഗിനായി 5പ്രോജക്ടുകളുമാണ് ആവിഷ്കരിച്ചിരുന്നത്. ഇവയിൽ 5 ലക്ഷത്തിനുമേൽ അടങ്കലുണ്ടായിരുന്ന ഒരു പ്രോജക്ടുപോലും ഉണ്ടായിരുന്നില്ല. ഭൂരിപക്ഷം പ്രോജക്ടുകളും 2 ലക്ഷത്തിൽ താഴെ അടങ്കലുള്ളതും ശരാശരി 50 മീറ്ററിൽ താഴെ നീളത്തിൽ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളതുമായിരുന്നു. ഗതാഗത മേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചതിലൂടെ ഇവ ഇ-ടെണ്ടറിന്റെ പരിധിയിൽനിന്നും ഒഴിവായി.

ഓഡിറ്റ് വർഷം സ്പിൽ ഓവർ ഉൾപ്പടെ 109 പ്രോജക്ടുകളാണ് ആവിഷ്കരിച്ചത്. ഇവയിൽ 86 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയേയും, ഫലപ്രാപ്തിയേയും ഇല്ലാതാക്കുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്രവികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിശ്രദ്ധിയ്ക്കേണ്ടതും ആവശ്യമായ ഇടപെടൽ വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകേണ്ടതുമാണ്.

## 3-14 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല – പഞ്ചായത്തിന് അധിക ബാദ്ധ്യത18.55 ലക്ഷം രൂപ

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഒരു സ്പിൽഓവർ പ്രോജക്ട്, സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ 2016-17 വർഷിക പദ്ധതിയിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ പുതുതായി ഏറ്റെടുത്ത പ്രോജക്ടുകളിൽ 2017 മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാക്കാതെ 2017-18-ൽ സ്പിൽ ഓവറായി തുടർന്ന ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ തൻവർഷം പൂർത്തിയാക്കി ഫൈനൽബിൽ നൽകിയിട്ടില്ല. ഇക്കാരണത്താൽ ഈ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ലഭിക്കുമായിരുന്ന ക്യാരിഓവർ വിഹിതം പഞ്ചായത്തിന് നഷ്ടമായി. ടി തുകകൾ തനതുഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതിനാൽ പഞ്ചായത്തിന് അധികബാദ്ധ്യത നിലനിൽക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 137/17 | ബസ് കാത്തിരിപ്പുകേന്ദ്രം (ഉപേക്ഷിച്ചു) | 200000 |
| 2 | 82/2018 | വാർഡ്-3 അംഗനവാടി നിർമ്മാണം | 350000 |
| 3 | 86/18 | ഏഴോലികോളനി -ഇടത്തോപ്പിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 300000 |
| 4 | 92/18 | വേങ്ങളത്തുകുന്ന്കോളനി -പാറവാൻ റോഡ് കോൺക്രീറ്റിംഗ് | 175000 |
| 5 | 93/18 | വെളിയമ്മാവ് -വെങ്ങളത്തുകുന്ന്കോളനി റോഡ്റീ-ടാറിംഗ് | 300000 |
| 6 | 100/18 | ഏഴോലി കോളനിയിൽ സംരക്ഷണ ഭിത്തി നിർമ്മാണം | 200000 |
| 7 | 106/18 | ഹോമിയോ ആശുപത്രി അറ്റകുറ്റപ്പണി | 79755 |
| 8 | 141/17 | അങ്കണവാടി 78 -അറ്റകുറ്റപ്പണി(ഉപേക്ഷിച്ചു) | 75000 |
| 9 | 147/17 | വൃദ്ധർക്ക് പകൽവീട് നിർമ്മാണം(S.C) (ഉപേക്ഷിച്ചു) | 50000 |
| 10 | 83/18 | വേങ്ങളത്തുകുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ് | 125000 |

| | | | |
|---|---|---|---|
| | | ആകെ | 1854755 |

ടി പ്രോജക്ടുകളിൽ ക്രമ നം 1,6,8 എന്നിവയ്ക്ക് 3/2017 ൽ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. മറ്റുള്ള പ്രവർത്തികളുടെ കരാർ തീയതി, കരാറുകാരന്റെ പേര്, പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്നിവ ലഭ്യമാക്കുകയുണ്ടായില്ല. സ്പിൽഓവർ പ്രോജക്ടുകൾ സ്പിൽഓവറായ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ ഫണ്ട് ലാപ്സാക്കിയത് ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-15 കാർഷിക മേഖലയിലെ പദ്ധതികൾ-പദ്ധതിമാർഗ്ഗരേഖാനിർദ്ദേശം പൂർണ്ണമായും പാലിക്കപ്പെടുന്നില്ല

കാർഷികമേഖലയിൽ വികസനോന്മുഖമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്നാണ് പദ്ധതിരൂപീകരണ മാർരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്.എന്നാൽ ഇപ്രകാരമുള്ള പദ്ധതികൾ ഒന്നും തന്നെ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. പരമ്പരാഗതമായിതുടർന്നുവരുന്ന വളംവിതരണം, നടീൽവസ്തുക്കളുടെവിതരണം, നെൽവിത്ത് /പച്ചക്കറിവിത്ത് എന്നിവയുടെ വിതരണം, കൂലിച്ചെലവ് സബ്സിഡി, വാഴവിത്ത്, റമ്പൂട്ടാൻ തൈ, കുരുമുളക്, ജാതി എന്നിവയ്ക്ക് വളം വിതരണം എന്നിവയാണ് ഏറ്റെടുത്ത പദ്ധതികൾ. മാർഗ്ഗരേഖപ്രകാരം കാർഷികമേഖലയിൽ മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തടപരിപാലനം, വനവൽക്കരണം, എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതായിട്ടുണ്ട്. കാർഷിക ഉത്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ, അഗ്രോസർവീസ് സെന്ററുകൾ, കാർഷിക ഔഷധ നേഴ്സറി, ജലസ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കംമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്, എന്നീ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനായിപദ്ധതികൾ ആവിഷ്കരിയ്ക്കേണ്ടതായിട്ടുണ്ട്. G.O.(M.S)72/2017/LSGD തീയതി 29-03-2017 മാർഗ്ഗരേഖപ്രകാരം കാർഷിക മേഖലയിലെ ഇടപെടലുകൾ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ആസൂത്രണം ചെയ്യണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആസൂത്രണസാമ്പത്തിക കാര്യവകുപ്പിന്റെ 25-11-2016 ലെ സർക്കുലർ നം. 1034810/2016 പ്രകാരം ഹരിതകേരളമിഷന്റെ ആദ്യഘട്ടപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നിർവഹണ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പച്ചക്കറി ഉത്പാദനത്തിൽ ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കേണ്ടതിലേയ്ക്കും വർഷം മുഴുവൻ പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കും ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിയ്ക്കുന്നമിഷൻ യോഗം ചേർന്ന് പച്ചക്കറി ഉത്പാദന കലണ്ടർ തയ്യാറാക്കി 2017 ജനുവരി മുതൽ പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ടതാണ്. തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിചെയ്യാതെ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും ഇതിനായി തൊഴിലുറപ്പുപദ്ധതിയെ കാർഷികമേഖലയിലെ പദ്ധതികളുമായി സംയോജിപ്പിക്കുന്നതിനും നിർദ്ദേശമുണ്ട്. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിയ്ക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടില്ല. നീർത്തട സംരക്ഷണത്തിൽ മഴവെള്ളം മണ്ണിലേയ്ക്ക് സംരക്ഷിയ്ക്കാനാവശ്യമായ പദ്ധതികൾ തൊഴിലുറപ്പുപദ്ധതിയിൽ നടപ്പിലാക്കിട്ടുണ്ടെങ്കിലും എണ്ണം കുറവാണ്.

മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വരും വർഷങ്ങളിൽ കാർഷികമേഖലയിൽ ഉണർവ് ഉണ്ടാകുന്നരീതിയിൽ പ്രോജക്ടുകൾ ആവിഷ്കരിയ്ക്കുന്നതിന് ഭരണസമിതിയും വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-16 റോഡ് കണക്ടിവിറ്റ് പ്ലാൻ തയ്യാറാക്കാതെ റോഡ് വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നു

റോഡ് നിർമ്മാണം/പരിപാലനം/സംരക്ഷണം എന്നീയിനങ്ങളിൽ പശ്ചാത്തലമേഖലയിൽ അസംഖ്യം പ്രോജക്ടുകൾ നടപ്പാക്കുന്നത് റോഡ് കണക്ടിവിറ്റി പ്ലാൻ, മാപ്പ് എന്നിവ തയ്യാറാക്കാതെയാണ്. 29-03-2017 ലെ ജി.ഒ.(എം.എസ്)72/2017 നം പദ്ധതിനിർവഹണമാർരേഖ പ്രകാരം ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും റോഡ് കണക്ടിവിറ്റിമാപ്പും പ്ലാനും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ മാത്രം പദ്ധതികൾ തയ്യാറാക്കുന്നതിനാണ് നിർദ്ദേശം നല്കിയിട്ടുള്ളത്. പൊതുമരാമത്ത് മേഖലയിൽ ആവിഷ്കരിച്ച 109 പ്രവൃത്തികളിൽ 66എണ്ണവും റോഡ് പ്രവൃത്തികൾ ആയിരുന്നു. റോഡ് വികസനത്തിനായി സമഗ്രപദ്ധതികൾ തയ്യാറാക്കാതെ,ചെറിയ ചെയിനേജിൽ(50 മീറ്ററിൽ താഴെ) ധാരാളം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുകയില്ല. ഇത്തരത്തിൽ കണക്ടിവിറ്റി പ്ലാൻ ഇല്ലാതെയും ചെയിനേജ് വ്യക്തമാക്കാതെയും പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം പദ്ധതിനടത്തിപ്പിൽ വ്യക്തത ഇല്ലാതിരിയ്ക്കുന്നതിനും ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവിനും സാധ്യത ഏറെയാണ്. ആയതിനാൽ വരും വർഷങ്ങളിൽ റോഡ് കണക്ടിവിറ്റിപ്ലാനും മാപ്പും തയ്യാറാക്കേണ്ടതും സമഗ്ര പദ്ധതികൾ

ആസൂത്രണം ചെയ്യുന്നതിനും ഫണ്ട് യഥാവിധി വിനിയോഗിയ്ക്കുന്നതിനും ഉതകുന്ന രീതിയിൽ പ്രോജക്ടുകൾആവിഷ്ക്കരിയ്ക്കുന്നതിന് ഭരണസമിതിയും വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-17 നിർവ്വഹണ ഉദ്യോഗസ്ഥർ നിശ്ചിത മാതൃകയിൽ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും റ്റി.ആർ 7എ മാതൃകയിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽനിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ടസ്) ചട്ടങ്ങളിലെ ചട്ടം 16നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ ആരുംതന്നെ നിശ്ചിത മാതൃകയിൽ ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 35700 | നെൽകൃഷി വികസനം | 35700 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രോജക്ട് നം./പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | റിമാർക്ക് |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 20/2018-പൈപ്പ് ലൈൻ നീട്ടൽ | 230000 | 212000 | 18000രൂപ തിരികെ ലഭിക്കാൻ അവശേഷിക്കുന്നു |
| കെ.എസ്.ഇ.ബി. | 19/2018-സ്ട്രീറ്റ് മെയിൻ നീട്ടൽ | 582849 | പൂർത്തീകരണ വിവരം ലഭ്യമല്ല | |
| | 58/2018-എസ്.സി കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻ നീട്ടൽ | 115635 | പൂർത്തീകരണ വിവരം ലഭ്യമല്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(എം.എസ്.)നം.207/ 09, തീ. 07.11.2009 | 8500000 | 1800000 | 200000 | 100000 | 1600000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് തുക | 4410884 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63433771 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67844655 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19200 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | സർചാർജ് ചെയ്യാവുന്നവ | |
| ഖ. 3-9 | 19,200/- | ഡോ. അഞ്ജലി കൃഷ്ണ<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി., ആനിക്കാട് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. അഞ്ജലി കൃഷ്ണ<br>മെഡിക്കൽ ഓഫീസർ | ഡോ. അഞ്ജലി കൃഷ്ണ<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി., ആനിക്കാട് | ഡോ. അഞ്ജലി കൃഷ്ണ<br>വിജയമന്ദിരം<br>മുഖത്തല പി.ഓ.<br>കൊല്ലം 691577 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1998-99 | എൽ.എഫ്.പിറ്റിഎ.പി2-529/00 തീയതി 7.11.2000 | 2 |
| 1999-00 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി7-936/11 തീയതി 12.11.2003 | 3 |
| 2000-01 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-128/04 തീയതി 14.6.2004 | 2 |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി4-676/05(a) തീയതി 31.03.2006 | 2 |
| 2001-02 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-129/04 തീയതി 4.9.2004 | 5 |

| | | |
|---|---|---|
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി4-676/03 തീയതി 02.06.2006 | 5 |
| 2002-03 | എൽ.എഫ്.പിറ്റിഎ.പി5-830/07 തീ. 19.3.2007 / 15.04.2008 | 11 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി8-147/10 തീയതി 20.11.2011 | 7 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി7-802/10 തീയതി 4.10.2011 | 7 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി7-803/10 തീയതി 4.10.2011 | 8 |
| 2006-07 | എൽ.എഫ്.പിറ്റിഎ.പി7-545/11 തീയതി 9.12.2011 | - |
| 2007-08 | എൽ.എഫ്.പിറ്റിഎ.പി7-559/11 തീയതി 13.12.2011 | - |
| 2008-09മുതൽ 2011-12 വരെ | എൽ.എഫ്.പിറ്റിഎ.പി7-39/13 തീയതി 10.5.2013 | 13 |
| 2012-13 | എൽ.എഫ്.പിറ്റിഎ.പി7-1152/14 തീയതി 17.12.2011 | 6 |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി7-558/15 തീയതി 4.7.2015 | 5 |
| 2014-15 | എൽ.എഫ്.പിറ്റിഎ.പി7-597/16 തീയതി 1.6.2016 | 5 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി7/1184/16/ തീയതി 10.11.2016 | 13 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി7/1184/16/ തീയതി 10.11.2016 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ്മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

# AUDIT CERTIFICATE

No.K.S.A.PTA.P7- 237/18 Dated:03/05/2019

Certified that I have Audited the Annual Financial Statement of Anikad Grama Panchayat in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Anikad Grama Panchayat** for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director(H.G)

Kerala State Audit Department

Pathanamthitta

# അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി7-237/18 തീയതി: 03/05/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട